# ഓർത്തിരിക്കേണ്ട കാര്യങ്ങൾ

(യാദ് രഖ്നേ കി ബാത്തേം)
ഓർത്തിരിക്കേണ്ട 40 ഹദീസുകൾ വേറെയും


വിവർത്തനം:

**മർഹൂം എൻ.കുഞ്ഞി അഹ്മദ് മാസ്റ്റർ**



പ്രസാധകർ:

**ലജ്ന ഇമായില്ലാഹ്, പഴയങ്ങാടി**

**കണ്ണൂർ**

**Orthirikkenda Karyngal**
**- Yaad Rakhne Ki Bhathen** (Malayalam translation)

Original Book Published by: Nazir Dawat' O Tabligh, Qadian -

Translated by : Marhoom.N.Kunhi Ahmad Master

Printed at: Orange Offset Printers, Kozhikode

Published by : Lajna Imaillah, Payangadi, Kannur Zila

Distribution : Islam International Publications Kerala
Near SBI, Kannur 670001, Kerala.

Copies: 1000

I[st] Edition : 2002
2[nd] Edition : 2020

Price: 25/-

# പ്രസ്താവന

അഹ്മദിയ്യാ ജമാഅത്തിലെ അത്ഫാൽ നാസിറാത്ത് വിഭാഗത്തിലെ കുട്ടികൾക്കും മുതിർന്നവർക്കു പോലും വളരെ പ്രയോജനം ചെയ്യുന്ന പാഠങ്ങളാണ് ''ഓർത്തിരിക്കേണ്ട കാര്യങ്ങൾ'' എന്ന ഈ കൊച്ചുപുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. സദാ കൊണ്ടുനടക്കാനും ഓർമ പുതുക്കാനും പാകത്തിലാണ് ഇത് പ്രസിദ്ധീകരിക്കുന്നതും. കുട്ടികളുടെയും മുതിർന്നവരുടെയും സന്തതസഹചാരിയായി ഈ പുസ്തകം മാറണം എന്നതാണ് ഞങ്ങളുടെ ഉദ്ദേശ്യം.

യാദ് രഖ്നേ കി ബാത്തേം എന്ന ഈ കൊച്ചുകൃതി 1970ൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ റബ്‌വയാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. അതിനു ശേഷം ലജ്ന ഇമാഇയില്ലാഹ് ഭാരത് ഈ പുസ്തകത്തിന്റെ വിവിധ എഡിഷനുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. മലയാള തർജ്ജമയുടെ രണ്ടാം എഡിഷൻ പ്രസിദ്ധീകരിക്കുന്ന ഈ ഘട്ടത്തിൽ കുട്ടികളെ പഠിപ്പിക്കാനും മനപാഠമാക്കാനുമുള്ള എളുപ്പത്തിനും വേണ്ടി ബയ്അത്തിന്റെ പത്ത് നിബന്ധനകളും ഈ എഡിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസാധനരംഗത്ത് ലജ്ന ഇമായില്ലാഹ് കണ്ണൂർ ടൗണിന്റെ ഭാഗത്തു നിന്നുള്ള ആദ്യശ്രമമായിരുന്നു ഈ പുസ്തകം. രണ്ടാം പതിപ്പിന്റെ പ്രസിദ്ധീകരണ ചെലവ് വഹിച്ചിരിക്കുന്നത് ലജ്ന ഇമാഇല്ലാഹ് പഴയങ്ങാടിയാണ്. സർവ്വശക്തനും കാരുണികനുമായ അല്ലാഹു ഇതിനുള്ള പ്രതിഫലം നല്കുമാറാകട്ടെ എന്നും ദുആ ചെയ്യുന്നു. പുസ്തകം പരിഭാഷപ്പെടുത്തിയത് പഴയങ്ങാടിയിലെ മർഹൂം ജനാബ് എൻ.കുഞ്ഞി അഹ്മദ് മാസ്റ്റർ സാഹിബാണ്. ഇവർക്കെല്ലാം നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം അല്ലാഹുവിന്റെ പക്കൽ ഇതൊരു സ്വാലിഹായ അമലായിത്തീരണേ എന്നു പ്രാർഥിക്കുന്നു.

ഇസ്ലാം മതത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് സാമാന്യപരമായ അറിവ് നൽകുന്ന ഈ കൃതി വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാവും എന്ന് ഞങ്ങൾ കരുതുന്നു. അല്ലാഹു നമുക്ക് കൂടുതലായി വിജ്ഞാനം പകർന്നുതരട്ടെ എന്ന പ്രാർത്ഥനയോടെ ഈ കൃതി വിദ്യാഭ്യാസതൽപരരായ എല്ലാ നല്ലവരുടേയും മുന്നിൽ ഞങ്ങൾ സമർപ്പിക്കുന്നു.

**കണ്ണൂർ** | **പ്രസിഡണ്ട്,**
**11/02/2020** | **ലജ്ന ഇമായില്ലാഹ്, പഴയങ്ങാടി,കണ്ണൂർ**

# മുഖവുര

പ്രിയപ്പെട്ട  ബാലികാ ബാലന്മാരെ, 1969 ലെ വാർഷിക ഇജ്തിമാഇൽ പ്രിയങ്കരനായ നമ്മുടെ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ആൺകുട്ടികളുടേയും പെൺകുട്ടികളുടെയും ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഇപ്രകാരം ഉപദേശിക്കുകയുണ്ടായി, ശൈശവം മന:പാഠമാക്കുന്നതിനുള്ള കാലഘട്ടമാണ്. മനഃപാഠമാക്കേണ്ട കാര്യങ്ങൾ കുട്ടികൾക്ക് വളരെ എളുപ്പം ഈ പ്രായത്തിൽ മനഃപാഠമാക്കുവാൻ കഴിയുന്നു. അതിനാൽ ഈ പ്രായത്തിൽ അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ, ഇസ്ലാമിന്റെ യാഥാർത്ഥ്യം , ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിയുടെ സ്ഥാനം, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദവി, സത്യസാക്ഷ്യങ്ങൾ, ഹദ്റത്ത് ഈസാനബിയുടെ മരണം, ഖത്മുന്നുബുവ്വത്തിന്റെ യാഥാർത്ഥ്യം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ തെളിവുകളും സത്യസാക്ഷ്യങ്ങളും അവരോട് മനഃപാഠമാക്കുവാൻ പറയേണ്ടതാണ്. അവർ വളർന്നു കഴിഞ്ഞാൽ ഈ അമൂല്യനിധി അവരുടെ മസ്തിഷ്കത്തിൽ സുരക്ഷിതമായിരിക്കുകയും അതു മുഖേന അവർക്ക് പ്രയോജനം സിദ്ധിക്കുകയും ചെയ്യും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സിന്റെ ഈ നിർദേശോപദേശങ്ങളുടെ വെളിച്ചത്തിൽ കേന്ദ്ര ഖുദ്ദാമുൽ അഹ്മദിയ്യാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി ഈ കൊച്ചുകൃതിക്ക് രൂപകൽപന ചെയ്തിരിക്കുകയാണ്. വിശുദ്ധ ഖുർആനിലെ ആയത്തുകൾ അതിന്റെ ഭാഗങ്ങൾ തിരുനബി(സ)യുടെ ഹദീസുകൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉൽബോധനങ്ങൾ മുൻ കഴിഞ്ഞ മഹാത്മാക്കളുടെ ഭാഷണങ്ങൾ എന്നിവയാണ് ഇതിന്റെ ഉള്ളടക്കം .

ഖലീഫ തിരുമനസിൽ നിന്നുള്ള ഈ ഉപദേശത്തിന്റെ വെളിച്ചത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഇതിൽ പറഞ്ഞ കാര്യങ്ങൾ പഠിച്ചിരിക്കേണ്ടതാണ്.

അത്ഫാൽ മുറബ്ബിമാരും നാസിറാത്തുൽ അഹ്മദിയ്യാ ഭാരവാഹികളും ഇക്കാര്യത്തിൽ കുട്ടികളെ സഹായിക്കുകയും അവരെ പഠിപ്പിക്കുവാനുള്ള അവസരം ഒരുക്കുകയും ചെയ്യേണ്ടതാണ്. ഇതിനുവേണ്ടി ചോദ്യങ്ങൾ ചോദിച്ചും പരീക്ഷ നടത്തിയും ശ്രമിച്ചുകൊണ്ടിരിക്കേണ്ടതുമാണ്.

**റബ്‌വ** **ഹമീദുല്ലാഹ്,**

**9.10.1970** **(സദർ, കേന്ദ്രമജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ)**

# ഉള്ളടക്കം

*അല്ലാഹു തആലാ......................................................9*

*ഇസ്‌ലാം.................................................................11*

*മുഹമ്മദ് റസൂലുല്ലാഹ്(സ).............................................13*

*വിശുദ്ധ ഖുർആൻ......................................................15*

*ഈസാനബി(അ)യുടെ മരണം..........................................19*

*ഖത്മുന്നുബുവ്വത്തിന്റെ യാഥാർഥ്യം.....................................20*

*ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ
സത്യസാക്ഷ്യം...........................................................21*

*നാല്പത് ഹദീസുകൾ...................................................23*

*ബയ്അത്തിന്റെ നിബന്ധനകൾ........................................31*

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ﴿١﴾

## അല്ലാഹു തആലാ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ﴿٢﴾
الرَّحْمٰنِ الرَّحِيْمِ ﴿٣﴾ مٰلِكِ يَوْمِ الدِّيْنِ ﴿٤﴾

1. സർവലോക പരിപാലകനായ അല്ലാഹുവിനാകുന്നു. എല്ലാ സ്തുതിയും. പരമകാരുണികൻ, കരുണാമയൻ പ്രതിഫലം നൽകപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ. (1: 2,3,4)

قُلْ هُوَ اللّٰهُ اَحَدٌ ﴿٢﴾ اَللّٰهُ الصَّمَدُ ﴿٣﴾
لَمْ يَلِدْ ۙ وَلَمْ يُوْلَدْ ﴿٤﴾ وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ ﴿٥﴾

2. പറയുക, അവൻ അല്ലാഹുവാകുന്നു; ഏകൻ അല്ലാഹു സർവാധിനാഥനാണ്. (സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്) അവൻ സന്താനോൽപാദനം ചെയ്തിട്ടില്ല. അവൻ (ആരുടേയും സന്താനമായി) ഉൽപാദിക്കപ്പെട്ടിട്ടുമില്ല. അവനു സമാനനായി ആരും തന്നെയില്ല. (112: 2,3,4,5)

اَللّٰهُ لَآ اِلٰهَ اِلَّا هُوَ ۚ اَلْحَيُّ الْقَيُّوْمُ ۚ

3. അല്ലാഹു - അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. (അവൻ) എന്നെന്നും ജീവിച്ചിരിക്കുന്നവനും, സ്വയം നിലനില്ക്കുന്നവനും (എല്ലാറ്റിനെയും) നിലനിർത്തുന്നവനുമാകുന്നു. (2:256)

اِنَّ اللّٰهَ عَلٰى كُلِّ شَىْءٍ قَدِيْرٌ ﴿١١٠﴾

4. നിശ്ചയമായും അല്ലാഹു (അവനുദ്ദേശിക്കുന്ന) സർവകാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു. (2:110)

هُوَ اللّٰهُ الْخَالِقُ الْبَارِئُ الْمُصَوِّرُ لَهُ الْاَسْمَآءُ الْحُسْنٰى

5. അവൻ സ്രഷ്ടാവും ഇല്ലായ്മയിൽനിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു.ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. (59:25)

لَااِلٰہ اِلَّا اللّٰہُ

6. എന്നതാണ് ശ്രേഷ്ഠമായ ദിക്റ് (*തിർമിദി*)

7. " നമ്മുടെ ഏറ്റവും ഉന്നതമായ ആസ്വാദ്യത
നമ്മുടെ അല്ലാഹുവിലാണ്."
" നമ്മുടെ സ്വർഗം നമ്മുടെ അല്ലാഹുവാണ്"
" ദൈവം ഒരു പ്രിയപ്പെട്ട ഖജനാവ് ആകുന്നു.
അതിനെ നിങ്ങൾ വിലമതിക്കുക"
" ജീവൻ ദാനം ചെയ്തെങ്കിലും സ്വായത്തമാക്കേണ്ട
സമ്പത്താണിത്." (*കിശ്തിനൂഹ്*)

8. ദൈവം ആകാശഭൂമികളുടെ പ്രകാശമാകുന്നു
(*ബറാഹീനെ അഹ്മദിയ്യാ*)
നമ്മുടെ സത്യദൈവം അസംഖ്യം അനുഗ്രഹങ്ങൾ
ഉള്ളവനാകുന്നു (*നസീമെ ദഅ്വത്ത്*)

قادر ہے وہ بارگہ ٹوٹا کام بناوے
بنا بنایا توڑ دے کوئی اسکا بھید نہ پاوے
واحد ہے لاشریک ہے اور لازوال ہے
سب موت کا شکار ہیں اس کو فنا نہیں

9. ഉടഞ്ഞ കാര്യങ്ങൾ നേരെയാക്കുന്നതിനും നേരെയാക്കിയ കാര്യങ്ങൾ ഉടയ്ക്കുന്നതിനും കഴിവുള്ളവനാണ് അല്ലാഹു. അവന്റെ പരമരഹസ്യം ആർക്കും അറിയാത്തതാണ്. ഏകനും പങ്കുകാരനില്ലാത്തവനും മാറ്റമില്ലാത്തവനുമത്രേ അവൻ. എല്ലാവരും മരണത്തിനു വിധേയരാണ്. എന്നാൽ അവന് നാശമില്ല. (*ദുർറെ സമീൻ*)

## ഇസ്‌ലാം

إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ

10. അല്ലാഹുവിങ്കൽ യഥാർഥമായ മതം ഇസ്‌ലാമാകുന്നു. (ഇസ്‌ലാമെന്നാൽ "പരിപൂർണമായ അനുസരണം' ആകുന്നു) (3:20)

وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ

11. ഏതൊരാൾ ഇസ്‌ലാം അല്ലാത്ത മറ്റൊരു മതം സ്വീകരിക്കുന്നുവോ അത് അയാളിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. (3:86)

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي
وَرَضِيتُ لَكُمُ الْإِسْلَامَ دِينًا

12. ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർത്തികരിക്കുകയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർണമാക്കുകയും, ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെട്ടുതരികയും ചെയ്തിരിക്കുന്നു. (5:4)

بنى الاســـــلام علىٰ خمسٍ شهادةً ان لااله
الّا اللّه وانّ محمّدًا رّسول اللّه واقام الصلٰوة
وايتآء الزّكٰوة والحـــجّ وصـــوم رمضـــان

13. ഇസ്‌ലാം കാര്യങ്ങൾ അഞ്ചാണ്.

(1) ശഹാദത്ത്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരും തന്നെയില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഉള്ള സാക്ഷ്യം വഹിക്കൽ.
(2) നമസ്കാരം നിലനിർത്തൽ
(3) സക്കാത്ത് കൊടുക്കൽ
(4) ഹജ്ജ് നിർവഹിക്കൽ
(5) റമളാനിലെ വ്രതമനുഷ്ഠിക്കൽ (*ബുഖാരി*)

14. ഇസ്‌ലാം ജീവൽ മതമാകുന്നു (*അൽഹക്കം, 31.10.1905*)
ഇസ്‌ലാം അനുഗ്രഹപൂർണവും ദൈവദർശനം നൽകുന്നതുമായ മതമാകുന്നു (*ബറാഹീനെ അഹ്മദിയ്യാ: 5ാം ഭാഗം*)

15. അന്വേഷിക്കുന്നവർക്ക് ജീവൽദൃഷ്ടാന്തങ്ങൾ മുഖേന സംതൃപ്തി പ്രദാനം ചെയ്യുക എന്നത് ഇസ്‌ലാമിന്റെ മാത്രം പ്രത്യേകതയാകുന്നു. (*തബ്‌ലീഗെ രിസാലത്ത്* )

اسلام چیز کیا ہے خدا کے لئے فنا
ترک رضائے خویش پئے مرضی خدا

16. അല്ലാഹുവിനുവേണ്ടി ബലിയാവുക എന്നതാണ് ഇസ്‌ലാം. അതായത് അല്ലാഹുവിന്റെ ഇഷ്ടത്തിനുവേണ്ടി സ്വന്തം ഇഷ്ടം ത്യജിക്കുക (*ദുർറെ സമീൻ*)

## മുഹമ്മദ് റസൂലുല്ലാഹ്(സ)

وَمَآ اَرۡسَلۡنٰكَ اِلَّا رَحۡمَةً لِّلۡعٰلَمِيۡنَ ۝١٠٨

17. (ഓ, മുഹമ്മദ്) മുഴുലോകർക്കും കാരുണ്യമായിട്ടല്ലാതെ നാം നിന്നെ നിയോഗിച്ചിട്ടില്ല. (21:108)

لَقَدۡ كَانَ لَكُمۡ فِىۡ رَسُوۡلِ اللّٰهِ اُسۡوَةٌ حَسَنَةٌ

18. തീർച്ചയായും അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ഉത്തമമാതൃകയുണ്ട്. (33:22)

وَاِنَّكَ لَعَلٰى خُلُقٍ عَظِيۡمٍ ۝

തീർച്ചയായും നീ മഹത്തായ ധാർമികഗുണങ്ങളുള്ളവൻ തന്നെയാണ്. (68:5)

وَمَآ اٰتٰٮكُمُ الرَّسُوۡلُ فَخُذُوۡهُ ۚ وَمَا نَهٰٮكُمۡ عَنۡهُ فَانۡتَهُوۡا

19. ദൈവദൂതൻ ഏതൊന്ന് നിങ്ങൾക്ക് നൽകിയിട്ടുണ്ടൊ അത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. ഏതൊന്നിനെ സംബന്ധിച്ച് അദ്ദേഹം നിങ്ങളെ വിലക്കിയിട്ടുണ്ടോ നിങ്ങളതിനെ വിട്ടൊഴിയുക (59:8)

اِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوۡنَ عَلَى النَّبِىِّ ؕ

20. തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു(33:57)

خلق نبيّ الله صلى الله عليه وسلم القرآن

21. തിരുനബി(സ)യുടെ സ്വഭാവം വിശുദ്ധഖുർആനത്രെ (മുസ്‌ലിം)

22. മുഴുവൻ മനുഷ്യരാശിക്കും വേണ്ടിയുള്ള ദൈവദൂതനും ശുപാർശകനും ആയി ഹദ്റത്ത് മുസ്തഫാ(സ) തിരുമേനിയല്ലാതെ ഇപ്പോൾ മറ്റാരുമില്ല തന്നെ. (കിശ്തിനൂഹ്)

ആരേയും ചിരഞ്ജീവിയായി അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. എന്നാൽ ആദരണീയനായ ഈ പ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്നവനാണ്. (കിശ്തിനൂഹ്)

كلّ بركةٍ مّن مّحمّدٍصلى اللّٰه عليه وسلم فتبارک من علّم وتعلّم

23. എല്ലാ അനുഗ്രഹങ്ങളും മുഹമ്മദ്(സ)യിൽ നിന്നാകുന്നു. പഠിപ്പിച്ചവനും പഠിച്ചവനും അനുഗൃഹീതൻ തന്നെ (ഇൽഹാം ഹദ്റത്ത് മസീഹ് മൗഊദ് (അ) (തദ്കിറ) )

24. അങ്ങാണ് നമ്മുടെ യജമാനൻ. അങ്ങയിൽ നിന്നാണ് എല്ലാ പ്രകാശവും. അങ്ങയുടെ നാമം മുഹമ്മദ് എന്നാണ്. അങ്ങ് എന്റെ പ്രേമഭാജനമാണ്.

എല്ലാ പ്രവാചകന്മാരും പരിശുദ്ധരാണ്. ഓരോരുത്തരും ഉന്നതന്മാരുമാണ്. എന്നാൽ അല്ലാഹുവാണ സത്യം ഏറ്റവും ഉന്നതൻ ഈ പ്രവാചകനാണ്. (ദുർറെ സമീൻ)

## വിശുദ്ധ ഖുർആൻ

ذَٰلِكَ الْكِتَابُ لَا رَيْبَ ۛ فِيهِ ۛ

25. ഇത് മഹത്തായ ഗ്രന്ഥമാണ്. ഇതിൽ യാതൊരു സംശയവുമില്ല.(2:3)

لَّا يَمَسُّهُ إِلَّا الْمُطَهَّرُونَ ﴿٨٠﴾

പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇത് സ്പർശിക്കുകയില്ല. അതായത്, വിശുദ്ധഖുർആന്റെ യാഥാർഥ്യം പരിശുദ്ധാത്മാക്കൾക്ക് മാത്രമേ ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ.(56:80)

وَإِذَا قُرِئَ الْقُرْآنُ فَاسْتَمِعُوا لَهُ وَأَنصِتُوا لَعَلَّكُمْ تُرْحَمُونَ ﴿٢٠٥﴾

26. ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ അത് ശ്രദ്ധിച്ചുകേൾക്കുകയും നിശ്ശബ്ദരായിരിക്കുകയും ചെയ്യുക; നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി. (7:205)

قُل لَّئِنِ اجْتَمَعَتِ الْإِنسُ وَالْجِنُّ عَلَىٰ أَن يَأْتُوا بِمِثْلِ هَٰذَا
الْقُرْآنِ لَا يَأْتُونَ بِمِثْلِهِ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا ﴿٨٩﴾

27. പറയുക, ഈ ഖുർആന് തുല്യമായ മറ്റൊന്ന് കൊണ്ടുവരുന്നതിന് ഇൻസും ജിന്നും എല്ലാം സംഘടിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ – അവർ പരസ്പരം സഹായിച്ചിരുന്നാൽ പോലും – അവർക്ക് അതിനു തുല്യമായത് കൊണ്ടുവരുവാൻ സാധ്യമല്ല. (17:89)

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ ﴿١٠﴾

28. സത്യമായും ഈ പ്രബോധനഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്. (15:10)

خَيْرُكُمْ مَنْ تَعَلَّمَ الْقُرْاٰنَ وَعَلَّمَهٗ

29. നിങ്ങളിൽ ആരാണോ വിശുദ്ധഖുർആൻ പഠിക്കുകയും മറ്റുള്ള വരെ പഠിപ്പിക്കുകയും ചെയ്യുന്നത് അയാളാണ് നിങ്ങളിൽ ഉത്തമൻ (ബുഖാരി)

30. വിശുദ്ധഖുർആൻ മുത്തുകളുടെ ശേഖരമാണ് (അൽഹക്കം 24.9.1901)

വിശുദ്ധഖുർആന് ആദരം കല്പിക്കുന്നവർക്ക് ആകാശങ്ങളിൽ ആദരം നല്കപ്പെടുന്നതാണ്. (കിശ്തിനൂഹ്)

വിശുദ്ധഖുർആന്റെ പ്രകാശങ്ങളും അനുഗ്രഹങ്ങളും അതിന്റെ സ്വാധീനവും എന്നെന്നും നിലനില്ക്കുന്നതും പുതുമ നിറഞ്ഞതു മാണ്. (അൽഹക്കം 17.11.1905)

جمال وحسن قرآن نور جان ہر مسلمان ہے
قمر ہے چاند اوروں کو ہمارا چاند قرآن ہے

31. വിശുദ്ധഖുർആന്റെ സൗന്ദര്യവും സദ്ഗുണവും ഓരോ മുസൽ മാന്റെയും ജീവൽപ്രകാശമത്രെ. മറ്റുള്ളവർക്ക് പ്രകാശം ചന്ദ്രനാ ണ്. നമ്മുടെ പ്രകാശമാകട്ടെ വിശുദ്ധഖുർആനാണ്. (ദുർറെ സമീൻ ഉറുദു)

## വിശുദ്ധ ഖുർആൻ

وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ

32. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്.) (62:4)

وَمُبَشِّرًاۢ بِرَسُوْلٍ يَّاْتِيْ مِنْۢ بَعْدِي اسْمُهٗٓ اَحْمَدُ

33. മർയമിന്റെ മകൻ ഈസാ പറഞ്ഞ അവസരം (സ്മരിക്കുക): എനിക്കുശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവനായും ഞാൻ നിങ്ങളുടെയടുക്കൽ (നിയുക്തനായിരിക്കുന്നു) (61:7)

اماماً مّهديّاً وحكمًا عدلاً فيكسر الصليب

34. (വരാനിരിക്കുന്ന വാഗ്ദത്തപുരുഷൻ) ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായിരിക്കും. അദ്ദേഹം കുരിശുടക്കും (മുസ്നദ് അഹ്മദുബിനു ഹമ്പൽ)

كيف انتم اذا نزل ابن مريم فيكم و امامكم منكم

35. (അല്ലയോ, മുസ്ലിംകളേ) നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഇമാമായി നിങ്ങളിൽ ഇബ്നുമർയം ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും? ( ബുഖാരി)

الا من ادركهٗ فليقرء عليه السلام

(അല്ലയോ വിശ്വാസികളേ), കേൾക്കൂ, നിങ്ങളിൽ ആരാണോ അദ്ദേഹത്തെ (വാഗ്ദത്ത മസീഹിനെ) കണ്ടെത്തുന്നത് അയാൾ അദ്ദേഹത്തിന് എന്റെ സലാം എത്തിക്കട്ടെ.

36. " നീ ഹിന്ദുക്കൾക്ക് കൃഷ്ണനും മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്ത മസീഹുമാണെന്ന് " അല്ലാഹു എന്നോട് പറഞ്ഞിരിക്കുന്നു (ലക്ചർ സിയാൽക്കോട്ട്)

37. എന്റെ നുബുവ്വത്ത് നബി(സ) തിരുമേനിയുടെ നുബുവ്വത്താണ്. പുതിയ നുബുവ്വത്തല്ല. (ചശ്മയെ മഅ്രിഫ)

എന്റെ നുബുവ്വത്ത് കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് അധികമധികമായുള്ള ദൈവീകഭാഷണമാണ്. ഇത് തിരുനബി(സ)യെ പിൻപറ്റിയത് മുഖേന ലഭിച്ചതാണ്. (തതിമ്മ ഹഖീഖത്തുൽ വഹ്‌യ്)

ഈ ഇരുണ്ട യുഗത്തിന്റെ പ്രകാശം ഞാൻ തന്നെയാണ്. ( മസീഹ് ഹിന്ദുസ്ഥാൻ മെ)

دنیا میں ایک نذیر آیا پر دنیا نے اسے قبول نہ کیا۔ لیکن خدا اسے قبول کریگا
اور بڑے زور آور حملوں سے اس کی سچائی ظاہر کر دیگا۔ (تذکرہ ص ۱۰۵)

38. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. പക്ഷെ, ലോകർ അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുന്നതും വളരെ ശക്തമായ അടയാളങ്ങൾ മുഖേന അദ്ദേഹത്തിന്റെ സത്യം വെളിപ്പെടുത്തുന്നതുമാണ്. (തദ്കിറ)

## ഈസാനബി(അ)യുടെ മരണം

وَكُنْتُ عَلَيْهِمْ شَهِيْدًا مَّا دُمْتُ فِيْهِمْ ۚ فَلَمَّا تَوَفَّيْتَنِيْ كُنْتَ اَنْتَ الرَّقِيْبَ عَلَيْهِمْ ۗ

39. (ഹദ്റത്ത് ഈസാ(അ) പറഞ്ഞു) ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം (കാലം) ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി. (5:118)

وَمَا مُحَمَّدٌ اِلَّا رَسُوْلٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ۗ

40. മുഹമ്മദ് ഒരു (ദൈവ)ദൂതൻ മാത്രമാണ്. അദ്ദേഹത്തിനുമുമ്പുണ്ടായിരുന്ന എല്ലാ ദൈവദൂതൻമാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. (3:145)

انّ عيسى ابن مريم عاش عشرين و مئة سنة

41. തീർച്ചയായും ഈസബ്നുമർയം നൂറ്റിഇരുപത് വർഷം ജീവിച്ചിരുന്നു.

لو كان موسٰى و عيسٰى حيّين لما وسعهما الّا التباعى

42. “ മൂസായും ഈസായും രണ്ടു പേരും ജീവിച്ചിരുന്നെങ്കിൽ എല്ലാ വിധേനയും രണ്ടു പേർക്കും എന്നെ പിന്തുടർന്നേ മതിയാവൂ.”

ابن مریم مرگیا حق کی قسم　　داخل جنت ہوا وہ محترم

وہ نہیں باہر رہا اموات سے　　ہوگیا ثابت یہ تیس آیات۔

43. അല്ലാഹുവാണേ സത്യം, ഇബ്നു മർയം മരിച്ചുപോയി. ആദരണീയരായ അദ്ദേഹം സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്തു. മരണത്തിൽ നിന്ന് അദ്ദേഹം പുറത്തല്ല. വിശുദ്ധ ഖുർആനിലെ 30 ആയത്തുകളിൽ നിന്ന് ഇത് വ്യക്തമാണ്. (ദുർറെ സമീൻ)

## ഖത്മുന്നുബുവ്വത്തിന്റെ യാഥാർഥ്യം

مَا كَانَ مُحَمَّدٌ اَبَآ اَحَدٍ مِّنْ رِّجَالِكُمْ
وَلٰكِنْ رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ

44. മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാകുന്നു(33:41)

وَمَنْ يُّطِعِ اللّٰهَ وَالرَّسُوْلَ فَاُولٰٓئِكَ مَعَ الَّذِيْنَ اَنْعَمَ اللّٰهُ
عَلَيْهِمْ مِّنَ النَّبِيّٖنَ وَالصِّدِّيْقِيْنَ وَالشُّهَدَآءِ وَالصّٰلِحِيْنَ
وَحَسُنَ اُولٰٓئِكَ رَفِيْقًا ۝٧٠

45. വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകൻമാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തൻമാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ലകൂട്ടുകാരത്രെ അവർ. (4:70)

ابو بكرٍ افضل هذه الامة الّا ان يّكون نبىّ

46. ഹദ്റത്ത് റസൂൽ(സ) അരുൾ ചെയ്യുന്നു: ‘അബൂബക്കർ (റ) ഈ സമുദായത്തിൽ ഏറ്റവും ശ്രേഷ്ഠൻ ആകുന്നു’ ഒരു നബി എഴുന്നേൽപിക്കപ്പെടാതിരിക്കുവോളം. (കുനൂദിൽ ഹഖായിഖ്)

قولوا انّهٗ خاتم الانبيآء ولا تقولو لا نبىّ بعدهٗ

47. (ഹദ്റത്ത് ആയിശ (റ) പറഞ്ഞു:) ജനങ്ങളേ, തിരുനബി (സ) ‘ഖാത്തമുൽ അമ്പിയാ’ ആകുന്നു എന്ന് പറഞ്ഞുകൊള്ളുക. പ

ക്കെ, അദ്ദേഹത്തിനു ശേഷം ഒരു നബിയും ഉണ്ടാവില്ല എന്ന് നി ങ്ങൾ പറയരുത്. (തക്മില മജ്മ ഉൽ ബിഹാറ്)

48. തിരുനബി(സ)യെ പരിപൂർണമായി പിന്തുടരുന്നത് വഴി പ്രവാ ചകത്വ പദവി ലഭിക്കുമാറാകുന്നു (ഹഖീഖത്തുൽ വഹ്യ്)

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം

فَقَدْ لَبِثْتُ فِيْكُمْ عُمُرًا مِّنْ قَبْلِهٖ ؕ اَفَلَا تَعْقِلُوْنَ

49. ഇതിനു മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെയിടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ (കാര്യങ്ങൾ) ഗ്രഹിക്കുന്നില്ലേ?(33:41)

كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَ رُسُلِيْ ؕ

50. ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു. (4:70)

انّ لمهدينا اٰيتين لم نكونا منذ خلق السّمٰوٰت
والارض ينكسف القمر لاوّل ليلة من رمضان
وتنكسف الشمس فى النّصف منه (دارقطنى)

51. 'നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങളുണ്ട്. അവ രണ്ടും ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതു മുതൽ ഇതുവരെ ഉണ്ടായിട്ടില്ലാത്തവയാണ്. ഒരു റമദാൻ മാസത്തിൽ ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണവും അതേ റമദാനിൽ മധ്യത്തിൽ സൂര്യഗ്രഹണവും ഉണ്ടാകുന്നതാണ്." ( സുനൻ ദാറുകുത്നി)

يتزوّج و يولد لهٗ

52. 'അദ്ദേഹം വിവാഹം കഴിക്കും. അദ്ദേഹത്തിന് മക്കളുണ്ടാവും' (മിശ്കാത്ത്)

کون تم میں ہے جو میرے سوانح زندگی میں کوئی نکتہ چینی کر سکتا ہے

53. എന്റെ കഴിഞ്ഞകാല ജീവിതത്തിൽ ഒരു കളങ്കമെങ്കിലും കാണിച്ചു തരാൻ കഴിയുന്ന ആരുണ്ട് നിങ്ങളുടെ കൂട്ടത്തിൽ ? ( തദ്കിറത്തുശ്ശഹാദത്തൈൻ)

آسماں میرے لئے تو نے بنایا اک گواہ

چاند اور سورج ہوئے میرے لئے تاریک و تار

54. (അല്ലാഹുവേ) എനിക്ക് വേണ്ടി ആകാശത്തെ നീ സാക്ഷിയാക്കി, സൂര്യനും ചന്ദ്രനും എനിക്കുവേണ്ടി ഗ്രഹണബാധിതമായി. (ദുർറെ സമീൻ)

55. മുസ്‌ലിംകളുടെ മതമാണ് ഞങ്ങളുടെ മതം. 'ഖാത്തമുന്നബിയ്യിൻ' ആയ തിരുദൂതരുടെ ആത്മാർഥമായ സേവകന്മാരാണ് ഞങ്ങൾ. ശിർക്കിൽ നിന്നും മറ്റു അനാചാരങ്ങളിൽ നിന്നും ഞങ്ങൾ പൂർണമായി വിട്ടുനിൽക്കുന്നു. 'അഹ്ദെ മുക്താർ' ആയ തിരുനബിയുടെ വഴിയിലെ മണൽത്തരികളാണ് ഞങ്ങൾ. തിരുനബിയുടെ എല്ലാ കല്പനകളിലും ഞങ്ങൾ വിശ്വസിക്കുന്നു. തിരുനബിയുടെ മാർഗത്തിൽ ജീവനും ഹൃദയവും ഞങ്ങൾ ബലിയർപ്പിച്ചിരിക്കുന്നു. (ദുർറെ സമീൻ)

56. ഞാൻ ദുആ ചെയ്യുന്നു: നിങ്ങൾ ഭൂമിയിലെ നക്ഷത്രങ്ങളായിത്തീരുമാറ് നിങ്ങളിൽ ഒരു പരിവർത്തനം ഭവിക്കട്ടെ. നിങ്ങളുടെ നാഥനിൽനിന്ന് നിങ്ങൾക്ക് ലഭിച്ച ആ പ്രകാശം മുഖേന ഭൂമി പ്രകാശനിർഭരമായിത്തീരുകയും ചെയ്യട്ടെ. ആമീൻ (കിശ്തി നൂഹ്)

❋ ❋ ❋

# നാല്പത് ഹദീസുകൾ

1. اَلـدِّيْـنُ النَّصِيْحَةُ

**(അദ്ദീനുന്നസ്വീഹ:)**
ദീനിന്റെ രത്നച്ചുരുക്കം നന്മ ആഗ്രഹിക്കലാകുന്നു.

2. اِجْـتَـنِـبُـواالْـغَـضَـبَ

**(ഇജ്തനിബുൽ ഗളബ്.)**
കഠിന കോപത്തിൽ നിന്നും വിട്ടുനിൽക്കുക.

3. اَدُّوْا زَكٰوتَكُمْ

**(അദ്ദൂ സക്കാത്തക്കും)**
നിങ്ങൾ നിങ്ങളുടെ സക്കാത്ത് കൊടുക്കുക.

4. اِحْـفَـظْ لِسَانَكَ

**(ഇഹ്ഫസ് ലിസാനക്ക്.)**
നിന്റെ നാവിനെ സംരക്ഷിക്കുക.

5. اَرْحَامُكُمْ اَرْحَامُكُمْ

**(അർഹാമുക്കും അർഹാമുക്കും)**
നിങ്ങളുടെ രക്തബന്ധുക്കൾ തന്നെയാണ്
നിങ്ങളുടെ കുടുംബക്കാർ.

6. اَرْشِـدُوْا اَخَاكُمْ

**(അർശിദൂ അഖാക്കും)**
സ്വസഹോദരന് സന്മാർഗം ഉപദേശിക്കുക.

7. اِشْفَعُوْا تُوْجَرُوْا

**(ഇശ്ഫഊ തൂജറൂ)**

ശിപാർശ ചെയ്യുവിൻ,
ശിപാർശക്കും പ്രതിഫലം കിട്ടുന്നതാണ്.

8. اَسْلِمْ تَسْلَمْ

**(അസ്ലിം തസ്ലം)**

നീ മുസ്ലിമാകുക (എങ്കിൽ നീ എല്ലാ ദൂഷ്യത്തിൽ നിന്നും തിന്മയിൽനിന്നും നഷ്ടങ്ങളിൽ നിന്നും) സുരക്ഷിതനാവുന്നതാണ്.

9. اَطِعْ اَبَاكَ

**(അത്വിഅ് അബാക്ക്)**

നിന്റെ പിതാവിനെ അനുസരിക്കുക.

10. اِعْتَكِفْ وَصُمْ

**(ഇഅ്തകിഫ് വസ്വും)**

ഇഅ്തികാഫ് ഇരിക്കുക, കൂടെ നോമ്പും എടുക്കുക.

11. اَعْلِنُوا النِّكَاحَ

**(അഅ്ലിനുന്നിക്കാഹ്)**

നിക്കാഹ് വിളംബരപ്പെടുത്തുവിൻ.

12. اَكْرِمِ الشَّعْرَ

**(അക്രിമിശ്ശഅ്ർ)**

മുടിയെ ബഹുമാനിക്കുക.

13. اَلْاَعْمَالُ بِالْـــخَــــوَاتِيْمِ

**(അൽ അഅ്മാലു ബിൽ ഖവാതീം)**

കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

14. اُوْصِيْكُمْ بِالْــــجَارِ

**(ഊസ്വീക്കും ബിൽ ജാർ)**

അയൽക്കാരനോട് നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോട് ഒസ്യത്ത് ചെയ്യുന്നു.

15. اَكْـــرِمُوْا اَوْلَادَكُمْ

**(അക്‌രിമൂ ഔലാദക്കും)**

തന്റെ മക്കളെ ആദരിക്കുക.

16. اَلْاَمَانَـةُ عِـــزٌّ

**(അൽ അമാനത്തു ഇസ്സ്.)**

വിശ്വസ്തത അന്തസ്സാണ്.

17. اَلْاَ يْـــمَــنُ فَالْاَ يْـــمَنُ

**(അൽ ഐമനു ഫൽ ഐമൻ)**

വലതുഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻ തന്നെ.

18. بَــــجِّـــلُوا الْمَشَائِـــــخَ

**(ബജ്ജിലുൽ മശായിഖ്)**

പ്രായമുള്ളവരെ ബഹുമാനിക്കുക.

19. تَعَلَّمُوا الْيَقِيْنَ

**(തഅല്ലമുൽ യഖീൻ)**
ദൃഢജ്ഞാനം ആർജിക്കുവിൻ.

20. تَهَادُّوْا تَحَابُّوا

**(തഹാദ്ദൂ തഹാബ്ബൂ)**
സ്നേഹം വർധിക്കുന്നതിനു വേണ്ടി
പരസ്പരം ഉപഹാരങ്ങൾ കൈമാറുവിൻ.

21. اَلتَّعْزِيَةُ مَرَّةٌ

**(അത്തഅ്സിയത്തു മർറ)**
അനുശോചനം ഒറ്റത്തവണ മതി.

22. اَلْخَالَةُ وَالِدَةٌ

**(അൽ ഖാലത്തു വാലിദ)**
മാതൃസഹോദരിയും മാതാവ് തന്നെയാണ്.

23. اَلدُّعَاءُ هُوَ الْعِبَادَةُ

**(അദ്ദുആഉ ഹുവൽ ഇബാദ)**
ദുആ തന്നെയാണ് യഥാർഥ ആരാധന.

24. اَلدُّنْيَا مَزْرَعَةُ الْاٰخِرَةِ

**(അദ്ദുൻയാ മസ്റഅത്തുൽ ആഖിറ)**
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.

25. صُـــوْمُـــوْا تَصِـــحُّوْا

**(സൂമൂ തസ്വിഹ്ഹൂ)**

നോമ്പ് അനുഷ്ഠിക്കുക, ആരോഗ്യം നേടുക.

26. اَلْـــعَـــيْنُ حَـــقٌّ

**(അൽ ഐനു ഹഖ്ഖ്)**

കണ്ണേറ് യാഥാർഥ്യമാണ്.

27. اَلصَّبْرُ رِضًا

**(അസ്സബ്റു റിളാ)**

വിധിയിൽ തൃപ്തിപ്പെടുന്നതിന്നാണ് ക്ഷമ എന്നു പറയുന്നത്.

28. اَلْمُحْتَكِرُ مَلْعُـوْنٌ

**(അൽ മൂഹ്തകിറു മൽഊൻ)**

വില കൂടുമ്പോൾ വിൽക്കാനായി ധാന്യം തടഞ്ഞുവെക്കുന്നവൻ ദൈവകാരുണ്യത്തിൽ നിന്ന് വിദൂരസ്ഥനാണ്.

29. اَلْمُسْلِمُ اَخُـو الْمُسْلِمِ

**(അൽ മുസ്ലിമു അഖുൽ മുസ്ലിം)**

ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്.

30. اَلْمَـطْـعُـوْنُ شَهِـيْدٌ

**(അൽ മത്ഊനു ശഹീദ്)**

പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.

31. لَا وَصِيَّةَ لِوَارِثٍ

**(ലാ വസിയ്യത്ത ലി വാരിസ്)**

അനന്തരാവകാശികൾക്ക് വേണ്ടി ഒസ്യത്ത്
ചെയ്യുന്നത് നിഷിദ്ധമാണ്.

32. لَا تَعُدْ فِيْ صَدَقَتِكَ

**(ലാ തഊദ് ഫീ സദഖതിക്ക)**

നൽകിയ ദാനം തിരിച്ച് വാങ്ങരുത്.

33. اَلنَّدَمُ تَوْبَةٌ

**(അന്നദമു തൗബ)**

ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ്
യഥാർഥ പശ്ചാത്താപം.

34. اِجْتَنِبُوْا كُلَّ مُسْكِرٍ

**(ഇജ്തനിബൂ കുല്ല മുസ്കിരിൻ)**

എല്ലാത്തരം ലഹരി വസ്തുക്കളിൽനിന്നും രക്ഷപ്പെടുക.

35. لَا تَتَمَنَّوُا الْمَوْتَ

**(ലാ തതമന്നഉൽ മൗത്)**

മരണം ആഗ്രഹിക്കരുത്.

36. اَلسَّلَامُ قَبْلَ الْكَلَامِ

**(അസ്സലാമു ഖബ്‌ലൽ കലാം)**

സംഭാഷണം തുടങ്ങുന്നതിനു മുമ്പേ സലാം പറയുക.

**37. تَـــرْكُ الدُّعَآءِ مَعْصِيَةٌ**

**(തറ്കു ദ്ദുആഇ മഅ്സ്വിയഃ)**
ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.

**38. زِنْ وَارْجِــــحْ**

**(സിൻ വർജിഹ്)**
അളന്നുകൊടുക്കുമ്പോൾ കൂടുതലായി കൊടുക്കുക.

.

**39. اِتَّــــقُوا اللّٰهَ فِى النِّسَآءِ**

**(ഇത്തഖുല്ലാഹ ഫിന്നിസാഅ്)**
സ്ത്രീകളുടെ കാര്യത്തിൽ ദൈവത്തെ ഭയപ്പെടുക.

**40. طَـلَـبُ الْــــحَـــلَالِ جِــهَــادٌ**

**(ത്വലബുൽ ഹലാലി ജിഹാദ്)**
അനുവദനീയമായ ഉപജീവനം തേടുന്നതും
ജിഹാദാണ്.

# ബയ്അത്തിന്റെ നിബന്ധനകൾ

1. ജീവിതാവസാനം വരെ സൃഷ്ടിപൂജ(ശിർക്ക്)യിൽ നിന്ന് വിട്ടുനിൽക്കുന്നതാണ്.

2. കളവ്, വ്യഭിചാരം, ദുർനോട്ടം, എല്ലാ വിധത്തിലുമുള്ള ദുഷ്കർമ്മങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ ദുർമാർഗ്ഗങ്ങളിൽ നിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിമപ്പെട്ടു പോകാതിരിക്കുന്നതുമാണ്.

3. അല്ലാഹുവിന്റെയും റസൂൽ തിരുമേനി(സ)യുടെയും കൽപനകളനുസരിച്ച് അഞ്ചുനേര നമസ്കാരങ്ങളും കൃത്യമായി നിർവ്വഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജൂദ് നമസ്ക്കാരം നിർവ്വഹിക്കുന്നതും നബി തിരുമേനി(സ)യുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതും ദിവസവും തന്റെ കുറ്റങ്ങൾക്കായി മാപ്പിരക്കുന്നതും 'ഇസ്തിഗ്ഫാർ' ചെയ്തു കൊണ്ടിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങൾ ആത്മാർഥമായ സ്നേഹവായ്പോടെ സ്മരിച്ചു കൊണ്ടിരിക്കുന്നതും ദൈവസ്മരണയും (ദിക്റെ ഇലാഹി) സ്തോത്രവും(ഹംദ്) നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾക്കടിമപ്പെട്ടുകൊണ്ട് ആർക്കും തന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്ലിംകൾക്കു പ്രത്യേകിച്ചും നാവുകൊണ്ടോ, കൈകൊണ്ടോ മറ്റു പ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

5. സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടു വിശ്വസ്തത പുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗ്ഗത്തിൽ എല്ലാ വിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുന്നതാണ്. എന്തു തന്നെ വിപത്തു നേരിട്ടാലും മുഖം തിരിച്ചു കളയാതെ മുമ്പോട്ടു കാൽവയ്ക്കുന്നതുമാണ്.

6. എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽ നിന്നും ദുരാഗ്രഹങ്ങളിൽ നിന്നും സ്വയം ഒഴിഞ്ഞു മാറുകയും വിശുദ്ധ ഖുർആന്റെ എല്ലാ ആജ്ഞകൾക്കും പൂർണ്ണമായി വിധേയനായിരിക്കുകയും എല്ലാ വഴികളിലും ദൈവചനങ്ങൾക്കും തിരുനബിവചനങ്ങൾക്കും അനു സൃതമായി ചരിക്കുകയും ചെയ്യുന്നതാകുന്നു.

7. അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണ്ണമായും ഉപേക്ഷി ക്കുകയും വിനീതവും ലളിതവും സംസ്കാരപൂർണ്ണവും ശാന്തവും അനാഢംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

8. ദീനിനെയും ദീനിന്റെ അന്തസ്സിനെയും ഇസ്‌ലാമിന്റെ ക്ഷേമ ത്തെയും സ്വന്തം ജീവനേക്കാളും മുതലിനെക്കാളും മാനത്തേ ക്കാളും സന്തതികളെക്കാളും മറ്റു പ്രിയംകരമായതിനേക്കാളുമെ ല്ലാം കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

9. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർഥമായ സഹാ നുഭാവം പ്രദർശിപ്പിച്ചു കൊണ്ടിരിക്കുന്നതും അല്ലാഹു നൽകിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപ കാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

10. നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തും എന്നു സമ്മതി ക്കുന്നതോടൊപ്പം കുടുംബങ്ങളിലോ ഭൗതികമായ ഇതരബ ന്ധങ്ങളിലോ സേവകഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള ഒരു സുദൃഢ സാഹോദര്യബന്ധം ഈ വിനീതനുമായി (ഹദ്റത്ത് അഹ്മദുമായി) പുലർത്തുന്നതും അത് മരണം വരെ നിലനിറു ത്തിപ്പോരുന്നതുമാണ്. (ഇൻശാ അല്ലാഹ്).

*(ഇശ്തിഹാർ തക്മീലെ തബ്‌ലീഗ് 1889 ജനുവരി 12)*